ASPIRE KERALA JOBS

HR & Recruitment Consultancy

Thumpoly, Alappuzha | aspirekeralajobs.com

Candidate Service Terms

ഉദ്യോഗാർഥികൾക്കുള്ള സേവന നിബന്ധനകൾ

REGISTRATION	SERVICE CHARGE
₹400 Includes GST and all taxes	**40%** ആദ്യ മാസത്തെ ശമ്പളത്തിൽ നിന്ന് Includes GST and all taxes

പേയ്മെന്റ്: 40% സർവീസ് ചാർജ് ജോയിൻ ചെയ്യുന്നതിന് കുറഞ്ഞത് ഒരു ദിവസം മുമ്പ് അടയ്ക്കണം.

01 **സേവനത്തിന്റെ സ്വഭാവം:** Recruitment പ്രക്രിയയിൽ Aspire Kerala ഒരു ഇടനിലക്കാരനായി (Mediator) പ്രവർത്തിക്കുന്നു.

02 **രജിസ്ട്രേഷൻ പരിധി:** രജിസ്ട്രേഷൻ വഴി 3 മാസത്തിനുള്ളിൽ അനുയോജ്യമായ 4 ഇന്റർവ്യൂകളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കും. തിരഞ്ഞെടുക്കപ്പെട്ട് ജോലിയിൽ പ്രവേശിച്ചാൽ തുടർ ഇന്റർവ്യൂകൾ ക്രമീകരിക്കില്ല.

03 **ഇന്റർവ്യൂ & തിരഞ്ഞെടുപ്പ്:** വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ ഇന്റർവ്യൂകൾ Aspire ക്രമീകരിക്കും. ഇന്റർവ്യൂ വിജയിക്കേണ്ടത് ഉദ്യോഗാർഥിയുടെ ഉത്തരവാദിത്തമാണ്.

04 **ഫീസ് & റീഫണ്ട്:** Registration Fee, Service Charge എന്നിവ സേവനങ്ങൾക്കായി ഈടാക്കുന്നതാണ്; ഇവ റീഫണ്ട് ചെയ്യുന്നതല്ല.

05 **ജോയിൻ ചെയ്യാതിരിക്കൽ:** ജോലി സ്ഥിരീകരിച്ച ശേഷം വ്യക്തമായ കാരണമില്ലാതെ ജോലിയിൽ പ്രവേശിക്കാതിരുന്നാൽ രജിസ്ട്രേഷൻ റദ്ദാക്കും.

06 **ഇന്റർവ്യൂ ഹാജർ:** ക്രമീകരിച്ച ഇന്റർവ്യൂവിൽ പങ്കെടുക്കാതിരുന്നാൽ രജിസ്ട്രേഷൻ റദ്ദാക്കും.

07 **സർവീസ് ചാർജ് അടയ്ക്കേണ്ട സമയം:** Aspire-ന്റെ ഏതെങ്കിലും ബ്രാഞ്ച് വഴി ജോലി ലഭിച്ചാൽ ആദ്യ മാസത്തെ ശമ്പളത്തിന്റെ 40% സർവീസ് ചാർജ്, ജോയിൻ ചെയ്യുന്നതിന് കുറഞ്ഞത് ഒരു ദിവസം മുമ്പ് അടയ്ക്കണം. അതിനുശേഷം മാത്രമേ ജോയിൻ ചെയ്യാൻ സാധിക്കൂ.

08 **ജോലി തുടരാൻ കഴിയാത്ത സാഹചര്യം:** Aspire വഴി ജോയിൻ ചെയ്ത ശേഷം ജോലി തുടരാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ Aspire-നെ അറിയിക്കണം; അറിയിക്കാതെ രാജിവയ്ക്കരുത്. അങ്ങനെ ചെയ്താൽ തുടർന്ന് Aspire-ന് ഉത്തരവാദിത്തമില്ല. വ്യക്തമായ കാരണമുണ്ടെങ്കിൽ മാത്രം മറ്റൊരു ജോലി നൽകും.

09 **രണ്ടാമത്തെ ജോലി:** Aspire വഴി രണ്ടാമതൊരു ജോലി ലഭിച്ചാൽ സർവീസ് ചാർജ് 30% അടയ്ക്കണം.

10 **മറ്റൊരു മാർഗം വഴി ജോലി ലഭിച്ചാൽ:** Aspire വഴിയല്ലാതെ ജോലി ലഭിച്ചാൽ സ്ഥാപനത്തെ അറിയിച്ച് രജിസ്ട്രേഷൻ റദ്ദാക്കണം. ആവശ്യപ്പെട്ടാൽ ജോലി ലഭിച്ച സ്ഥാപനത്തിന്റെ പൂർണ്ണ വിവരങ്ങളും നൽകണം.

11 **ഫീസ് ഒഴിവാക്കൽ & നിയമനടപടി:** Aspire-നെ കബളിപ്പിച്ച് ജോലിയിൽ പ്രവേശിക്കുകയും സർവീസ് ചാർജ് അടയ്ക്കാതിരിക്കുകയും ചെയ്താൽ ഹെഡ് ഓഫീസ് പരിധിയിൽ നിയമനടപടി സ്വീകരിക്കും. അതുമൂലമുള്ള മുഴുവൻ നഷ്ടങ്ങൾക്കും ഈ രേഖയിൽ ഒപ്പിട്ട ഉദ്യോഗാർഥി ഉത്തരവാദിയായിരിക്കും.

12 **ഇന്റർവ്യൂ അവസരം പങ്കിടൽ:** Aspire ക്രമീകരിക്കുന്ന ഇന്റർവ്യൂവിൽ മറ്റൊരാളെ പങ്കെടുപ്പിക്കാൻ പാടില്ല.

13 **കമ്പനിയുമായുള്ള നേരിട്ടുള്ള ഇടപാട്:** ഇന്റർവ്യൂവിന് ശേഷം കമ്പനിയുമായി നേരിട്ട് ബന്ധപ്പെടുകയോ Payment Issue ഉന്നയിക്കുകയോ ചെയ്യരുത്. സർവീസ് ചാർജ് അടയ്ക്കാതെ ജോയിൻ ചെയ്യാൻ ശ്രമിച്ചാൽ നിയമനടപടി സ്വീകരിക്കും.

14. ഉദ്യോഗാർഥിയുടെ സമ്മതം

മുകളിൽ നൽകിയ എല്ലാ നിബന്ധനകളും വായിച്ച് മനസ്സിലാക്കി അംഗീകരിച്ചുകൊണ്ട് ഒപ്പിടുന്നു.

പേര്: .... ഒപ്പ്: .... തീയതി: ....